**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **06-10-2021 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന ട്രൈബൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സർക്കാർ വക (വിദ്യാഭ്യാസ വകുപ്പ്) ട്രൈബൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തികൾ ഗ്രാമ പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടവയാണ്. ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. |
| (ബി) | പാറശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് വ്ലാവെട്ടി ഗവ. ട്രൈബൽ എൽ.പി.എസ്, അമ്പൂരി പുരവിമല ഗവ. ട്രൈബൽ എൽ.പി.എസ്, അമ്പൂരി കുന്നത്തുമല ഏകാധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിക്കാമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഗവ. ട്രൈബൽ എൽ.പി സ്കൂളുകളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തുകൾക്കാണ്. ഈ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തികൾ ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടവയാണ്. മേൽ പറഞ്ഞ സ്കൂളുകളിൽ 50%-ത്തിലധികം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിച്ചു വരുന്നതിനാൽ ഊരുകൂട്ട ശിപാർശയുടെയും ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെയും അടിസ്ഥാന ത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. |
| (സി) | പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിയ്ക്കായി മുൻ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ, ആയതിലേയ്ക്കായി ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നതിക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മെന്റ് പദ്ധതി, ഗോത്രസാരഥി, ഗോത്രബന്ധു, സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം, പഠനയാത്രയ്ക്ക് ധനസഹായം, ലാപ്ടോപ്പ് വിതരണം, സാമൂഹ്യപഠനമുറി, വിദേശ പഠനത്തിന് ധനസഹായം എന്നിവയാണ്. പ്രമോഷൻ ഓഫ് എഡ്യൂക്കേഷൻ |

| | | | |
|---|---|---|---|
| | | | എന്ന ശീർഷകത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | തുക |
|---|---|
| 2016-17 | 9,98,37,381/- |
| 2017-18 | 17,95,52,297/- |
| 2018-19 | 24,24,08,584/- |
| 2019-20 | 16,89,61,371/- |
| 2020-21 | 19,62,29,836/- |

സെക്ഷൻ ഓഫീസർ